## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1574 — 14.12.2012 ൽ മറുപടിയ്ക്ക്

### "കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്ന പദ്ധതി "

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് കൃഷിഭവനുകൾ വഴി കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തെല്ലാം കാർഷിക വിളകളാണ് സംഭരിക്കാൻ നിശ്ചയിച്ചിട്ടുള്ളത്; | **(എ) & (ബി)** സംസ്ഥാനത്ത് കൃഷിഭവനുകൾ വഴി കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ആദ്യപടിയായി പച്ച നാളീകേരമാണ് കൃഷിഭവനുകൾവഴി സംഭരിക്കാൻ ഉദ്ദേശിക്കുന്നത്. |
| **(ബി)** എത്ര കൃഷിഭവനുകൾ വഴി ഇതിനകം പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | കൃഷി ഭവനുകൾ വഴി കൃഷിക്കാരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് അത് കൊപ്രയാക്കി നൽകുന്നതിന്, കേരഫെഡ് സമർപ്പിച്ച 21 കോടി രൂപയുടെ പദ്ധതി 10.12.2012 ലെ ജി.ഒ.(എംഎസ്.) 279/12/എഡി പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കൃഷിഭവനുകൾ വഴി പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ